(ബി) പ്രസ്തുത റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബേപ്പൂർ—കുന്നമംഗലം സർവ്വീസ് നിറുത്തലാക്കിയിട്ടില്ല. ബസ്സുകളുടെ അഭാവം മൂലം പ്രസ്തുത സർവ്വീസ് ചിലപ്പോൾ റദ്ദാക്കേണ്ടിവരുന്നുണ്ട്. വരുമാനം വളരെ കുറവായതുകൊണ്ട് ബേപ്പൂർ—മാലൂർക്കുന്ന് സർവ്വീസ് 1985 ജൂൺ മുതൽ താൽക്കാലികമായി നിറുത്തലാക്കിയിരിക്കുകയാണ്.

(ബി) ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ സാമ്പത്തിക പരിമിതി മൂലം, ഇക്കാര്യം ഉടനടി പരിഗണിക്കാൻ നിർവ്വാഹമില്ല.

കോട്ടയം—പുനലൂർ റൂട്ടിലെ കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ

1023 [1914] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം—പുനലൂർ റൂട്ടിൽ എത്ര കെ. എസ്. ആർ. ടി. സി. സർവ്വീസുകളാണ് നടത്തിക്കൊണ്ടിരുന്നത്;

(ബി) വർഷങ്ങളായി നടത്തിക്കൊണ്ടിരുന്ന, സർവ്വീസുകൾ ഏതെങ്കിലും ക്യാൻസൽ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ എത്ര ട്രിപ്പുകൾ ക്യാൻസൽ ചെയ്തിട്ടുണ്ടെന്നും അതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ;

(ഡി) കോട്ടയം—പുനലൂർ സർവ്വീസിന് ഒരു ട്രിപ്പിനുണ്ടായിരുന്ന ശരാശരി കളക്ഷൻ എത്ര രൂപയായിരുന്നു;

(ഇ) ചങ്ങനാശ്ശേരി ഡിപ്പോയിലെ ഒരു ഫാസ്റ്റ് പാസഞ്ചർ ബസ്സ് രാവിലെ കോട്ടയത്തുനിന്നും പുനലൂരിലേക്ക് സർവ്വീസ് നടത്തിയിരുന്നത് നിർത്തിവച്ചിട്ട് എത്ര മാസമായിട്ടുണ്ട്; ഇതിനു കാരണമെന്താണ്; ഈ സർവ്വീസിന് പ്രതിദിനം കിട്ടിയിരുന്ന കളക്ഷൻ എത്ര രൂപയാണ്;

(എഫ്) പൊതുജനങ്ങൾക്ക് വളരെ സൗകര്യപ്രദവും ഏറ്റവും കൂടുതൽ ലാഭകരവുമായ പ്രസ്തുത സർവ്വീസ് അടിയന്തിരമായി പുനരാരംഭിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 8 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ.

(ബി) ഇല്ല.

(സി) ചോദ്യമുദിക്കുന്നില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) സർവ്വീസ് നിറുത്തലാക്കിയിട്ടില്ല. ബസ്സുകളുടെ അപര്യാപ്തതമൂലം താൽക്കാലികമായി നിറുത്തിവച്ചിരിക്കുകയാണ്. പ്രതിദിനം കിട്ടിയിരുന്ന കളക്ഷന്റെ വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ബസ്സിന്റെ ലഭ്യത മെച്ചപ്പെടുമ്പോൾ സർവ്വീസ് കൃത്യമായി ഓടിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly